**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 738** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെ തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമഭേദഗതി ആലോചിക്കുന്നുണ്ടോ; | (എ) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും, സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ രീതിയിലും, ചട്ട/നിയമ വിരുദ്ധ പ്രവർത്തനത്തിന് ക്രിമിനൽ നടപടി നിയമം മൂലം നടപടി സ്വീകരിക്കുന്നതിനും, സഹകരണ സംഘങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനും ഉള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി സമഗ്ര നിയമ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | വായ്പ തട്ടിപ്പ്, സ്വർണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘത്തിനുണ്ടാകുന്ന നഷ്ടം എത്രയെന്ന് തിട്ടപ്പെടുത്തുന്നതിന് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം നടപടി സ്വീകരിക്കുന്നതിനും അപ്രകാരം തിട്ടപ്പെടുത്തുന്ന നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരായി വകുപ്പ് 68(2) പ്രകാരം സർചാർജ്ജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും ഇപ്രകാരമുള്ള തുക ഒടുക്കാതെവന്നാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിനോ സഹകരണ നിയമാനുസൃതം എക്സിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനോ വ്യവസ്ഥയുണ്ട്.<br><br>അതുകൂടാതെ കേരള സഹകരണ സംഘം നിയമം 1969, ലെ വകുപ്പ് 78 ലെ വ്യവസ്ഥ പ്രകാരം ഉടൻ ജപ്തി ചെയ്യുന്നതിന് നിർദ്ദേശിക്കാവുന്നതുമാണ്. കേരള സഹകരണ സംഘം നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് സമഗ്ര നിയമ ഭേദഗതി വരുത്തുന്ന വേളയിൽ പരിശോധിക്കുന്നതാണ്. |
| (സി) | ക്രിമിനൽ സ്വഭാവമുള്ള കേസുകൾ | (സി) | സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുമായി |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തിലെ ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ? | | ബന്ധപ്പെട്ട് ഉത്തരവാദിയായിട്ടുള്ളവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് കേരള സഹകരണ സംഘം നിയമം 1969, ലെ വകുപ്പ് 95 ൽ, വകുപ്പ് 94 ലെ (4എ), (4ബി), (8), (8എ), (8 ബി) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾക്ക് കേസെടുക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത് പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ ക്രിമിനൽ സ്വഭാവമുള്ള ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിച്ചുകൊണ്ട് ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>കേരള സഹകരണ സംഘം നിയമം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശം എന്നിവ നടപ്പാക്കുന്നതിൽ വീഴ്ചവന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ